**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **21.01.2014-ൽ മറുപടിക്ക്**

**ചോദ്യം നം.1691**

## പെരുമ്പാവൂർ ഒക്കൽ ഗ്രാമപഞ്ചായത്തിലെ സീഡ് ഫാമിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.സാജു പോൾ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) പെരുമ്പാവൂർ മണ്ഡലത്തിലെ ഒക്കൽ ഗ്രാമപഞ്ചായത്തിലെ സീഡ് ഫാമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത ഫാമിന്റെ വിപുലീകരണത്തിന് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ; | ബി) ഉണ്ട്. ഫാമിന്റെ വിപുലീകരണത്തിനായി 2013-14 വർഷത്തിൽ ജില്ലാ പഞ്ചായത്ത് മുഖേന താഴെ പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നു.<br>1. ഫാമിലെ ജലസേചനത്തോടുകളുടെ പുനരുദ്ധാരണം (68000രൂപ).<br>2. എലികളിൽനിന്ന് സംരക്ഷണത്തിനായി വിത്ത് സംഭരണശാല അറ്റകുറ്റപ്പണികൾ (610000 രൂപ)<br>3. കൃഷി ആഫീസറുടെ ക്വാർട്ടേഴ്സ്, പുനരുദ്ധാരണം 305479/- രൂപ (പണി പൂർത്തീകരിച്ചു.) |
| സി) ഫാമിന്റെ വിപുലീകരണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ? | സി) 2014-15 സാമ്പത്തിക വർഷത്തേക്ക് താഴെ പറയുന്ന പദ്ധതികൾ ജില്ലാ പഞ്ചായത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>1. ഉണക്കുതറയുടെ അറ്റകുറ്റപണികൾ<br>2. പോളിഹൗസ് നിർമ്മാണം<br>3. നിലവിലുള്ള പോളിഹൗസുകളുടെ അറ്റകുറ്റപ്പണികൾ<br>4. തൊഴിലാളികളുടെ വിശ്രമകേന്ദ്രം.<br>5. പുതിയ പൗവ്വർ ടില്ലർ വാങ്ങുന്നതിന്.<br>6. സെയിൽസ് കൗണ്ടറിന് സമീപം റെയിൻ ഷെൽട്ടർ നിർമ്മാണം.<br>7. ഫാമിന്റെ ലോറി ഇടിച്ച് തകർത്ത ചുറ്റുമതിൽ പുനർനിർമ്മാണം.<br>8. മെതിയന്ത്രം, നെല്ല്പാറ്റ് യന്ത്രം എന്നിവ വാങ്ങുന്നതിന്. |

**സെക്ഷൻ ഓഫീസർ**